LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർ/കയറുല്പന്നങ്ങളുടെ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് ബഹു. മന്ത്രി ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ സംഘങ്ങൾ എട്ട് (8) തവണ വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്.

(ബി) ബഹു. മന്ത്രി ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ വിദേശ യാത്രകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചെലവിൽ നടത്തിയിട്ടുള്ള വിദേശ യാത്രകളുടെ വിവരങ്ങൾ ലഭ്യമല്ല.

പാചകവാതക വിതരണ ചട്ടങ്ങൾ

178 (3928) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; വിതരണ ഏജൻസികൾ ഈ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ ;

(ബി) സുരക്ഷയുടെ ഭാഗമായി ഏജൻസി പ്രത്യേക വാഹനങ്ങളിൽ സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് എത്തിയ്ക്കുന്നുണ്ടോ ;

(സി) തിരുവനന്തപുരത്ത് ശ്രീകാര്യത്തുള്ള ശ്രീലക്ഷ്മി ഗ്യാസ് ഏജൻസി സുരക്ഷാ സംവിധാനമനുസരിച്ച് വാഹനങ്ങളിൽ ഗ്യാസ് വിതരണം നടത്താതെ ഉപഭോക്താക്കൾ സ്വകാര്യവാഹനങ്ങളിൽ ഗ്യാസ് കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേണ്ടത്ര തൊഴിലാളികളോ സുരക്ഷാസംവിധാനങ്ങളോ ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത ഗ്യാസ് ഏജൻസിയുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000-ത്തിലെ എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ പ്രകാരമാണ് പാചക വാതക വിതരണം നടത്തപ്പെടുന്നത്. എണ്ണക്കമ്പനി ഉദ്യോഗസ്ഥരും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥരും വിതരണ ഏജൻസികളിൽ പരിശോധന നടത്തി ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഉണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ശ്രീലക്ഷ്മി ഗ്യാസ് ഏജൻസിയിലെ ഗ്യാസ് വിതരണ തൊഴിലാളികളുടെ സമരം മൂലം ഗ്യാസ് വിതരണം മുടങ്ങിയതിനാൽ ടി പ്രതിസന്ധി പരിഹരിക്കുന്നതിനും ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് താൽകാലികമായി പരിഹരിക്കുന്നതിനും രണ്ടാഴ്ചത്തേക്ക് ക്യാഷ് & ക്യാരി സിസ്റ്റം ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തിച്ചാൽ ഗ്യാസ് ഏജൻസിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കഴക്കൂട്ടം, ശ്രീകാര്യം മേഖലയിലെ ഉപഭോക്താക്കളെ അടുത്തുള്ള ഏജൻസിയിലേക്ക് മാറ്റി ഉപഭോക്താക്കളുടെ വീടുകളിൽ ഗ്യാസ് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഗ്യാസ് വിതരണം എത്രയും വേഗം സാധാരണ നിലയിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ബി.പി.സി.എൽ. ഏജൻസിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

ഭക്ഷണസാധന വില നിയന്ത്രിക്കാൻ നിയമം

179 (T *3929) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണസാധന വില നിയന്ത്രിക്കാനുള്ള നിയമത്തിൽ ഭക്ഷണവില നിയന്ത്രിക്കുവാനും ഹോട്ടലുകൾക്ക് ഗ്രേഡ് ഏർപ്പെടുത്തുവാനും എന്തെല്ലാം വ്യവസ്ഥകളാണ് ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly